പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1542 05-02-2019-ലെ മറുപടിയ്ക്ക്

# രാസവള വില നിയന്ത്രണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് രാസവള വില കുത്തനെ ഉയരുന്നതും കാർഷികോൽപ്പന്നങ്ങളുടെ വില കുത്തനെ താഴുന്നതുമായ സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | രാസവളങ്ങളിൽ പൊട്ടാഷിന്റെ വില 41.8% വില വർദ്ധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നയത്തിന്റെ ഭാഗമായി അസംസ്കൃത വസ്തുക്കളുടെ വിലയിലുണ്ടായ വർദ്ധനയും ഡോളറിന്റെ വിനിമയനിരക്കിലുള്ള വ്യത്യാസവുമാണ് വിലവർദ്ധനയ്ക്കുണ്ടായ കാരണങ്ങൾ. |
| (ബി) | ആറുമാസം മുൻപ് 630 രൂപ വിലയുണ്ടായിരുന്ന ഒരു ചാക്ക് പൊട്ടാഷ് വളത്തിന്റെ ഇപ്പോഴത്തെ വില 950 രൂപയാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | കൂടാതെ ഈ കാലയളവിൽ തന്നെ കർഷകർ ഏറെ ഉപയോഗിക്കുന്ന യൂറിയ, ഫാക്ടംഫോസ്, മിക്സ്ചർ എന്നറിയപ്പെടുന്ന മിശ്രിത വളം എന്നിവയുടെ വിലയിലുണ്ടായ കുതിച്ചുകയറ്റം പരിശോധിക്കുകയുണ്ടായോ; | (സി) | പരിശോധിച്ചിട്ടുണ്ട്. യൂറിയയ്ക്ക് വില വർദ്ധനവ് ഉണ്ടായിട്ടില്ല. മറ്റ് നേർ വളങ്ങളുടെയും മിക്സ്ചറുകളുടെയും വില വർദ്ധനവ് 20.3 ശതമാനത്തിൽ താഴെയാണ്. |
| (ഡി) | എങ്കിൽ രാസവള വില നിയന്ത്രിക്കുന്നതിനും ഉൽപ്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ? | (ഡി) | രാസവളങ്ങളിൽ യൂറിയയുടെ വില മാത്രമാണ് കേന്ദ്ര സർക്കാർ നിയന്ത്രിക്കുന്നത്. മറ്റ് വളങ്ങളുടെ വില അതാത് കമ്പനികൾക്ക് നിശ്ചയിക്കുന്നതിനുള്ള അധികാരം കേന്ദ്രസർക്കാർ നൽകിയിട്ടുണ്ട്. അസംസ്കൃത വസ്തുക്കളുടെ വില, ഡോളറിന്റെ വിനിമയ നിരക്ക്, കയറ്റിറക്ക് കൂലി, ചരക്കുകൂലി എന്നിവയുടെ അടിസ്ഥാനത്തിലാണ് വളങ്ങളുടെ വില നിശ്ചയിക്കുന്നത്. എം.ആർ.പി യെക്കാൾ കൂടുതൽ വില ഈടാക്കുന്ന കടക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നിർദ്ദേശം എല്ലാ കൃഷി ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. നെല്ലിന്റെയും റബ്ബറിന്റെയും വിലയിടിവ് തടയുന്നതിന് നെല്ല് സംഭരണവും റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമും നടപ്പിലാക്കി വരുന്നുണ്ട്.<br><br>ഉൽപ്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിനായി കൃഷി വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള 6 കാർഷിക മൊത്ത വ്യാപാര വിപണികളും കർഷകർക്ക് ന്യായവില ഉറപ്പാക്കുവാൻ പ്രവർത്തിച്ച് വരുന്നുണ്ട്. പച്ചക്കറി വികസനപദ്ധതി പ്രകാരം കർഷകർ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ ന്യായവിലയ്ക്ക് ഇടനിലക്കാരെ ഒഴിവാക്കികൊണ്ട് വിറ്റഴിക്കുന്നതിനുള്ള സംവിധാനം 34 ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് മാർക്കറ്റുകൾ, 240 എ ഗ്രേഡ് ക്ലസ്റ്റർ വിപണികൾ എന്നിവയിലൂടെ നടപ്പിലാക്കി വരുന്നുണ്ട്. വിപണി ശക്തിപ്പെടുത്തൽ പദ്ധതിയുടെ ഭാഗമായി കേരളത്തിലൊട്ടാകെ 400 ആഴ്ച്ചന്തകൾ പ്രവർത്തിച്ച് വരുന്നുണ്ട്.സർക്കാർ ഏജൻസിയായ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ സംസ്ഥാനത്തൊട്ടാകെ 283 സ്വാശ്രയകർഷക സമിതികൾ രൂപീകരിച്ച് വിപണന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വരുന്നുണ്ട്. ഹോർട്ടികോർപ്പ് ടി സ്ഥാപനത്തിന്റെ സംഭരണ കേന്ദ്രത്തിലൂടെ ഇടനിലക്കാരെ ഒഴിവാക്കികൊണ്ട് കർഷകരിൽ നിന്നും, കർഷക കൂട്ടായ്മകളിൽ നിന്നും, കാർഷിക മൊത്ത വ്യാപാര വിപണികളിൽ നിന്നും കാർഷികോത്പന്നങ്ങൾ സംഭരിക്കുന്നുണ്ട്. ജൈവകാർഷിക മുറകളും, നല്ല കാർഷിക പരിപാലന മുറകളും അവലംബിച്ച് ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ പ്രത്യേകമായിത്തന്നെ വിറ്റഴിക്കുന്നതിനായി 440 എക്കോഷോപ്പുകളും പ്രവർത്തിച്ച് വരുന്നുണ്ട്.കർഷകർക്ക് ഇപ്രകാരം മെച്ചപ്പെട്ട വില ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ